കേരള സർക്കാർ

നം.ഡി.എ 1/279/2017/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 11.05.2017

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – 2015-16 വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ സ്പിൽഓവറായി തുടരുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം - -സംബന്ധിച്ച്

സൂചന:- 1) സ.ഉ.(എം.എസ്)നം.3631/2017/ധന; തീയതി 25.04.2017
2) സ.ഉ.(എം.എസ്)നം.3689/2017/ധന; തീയതി 28.04.2017
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/05/2017-ലെ 2.3-ാം നമ്പർ തീരുമാനം 3

തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2016-17 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പുതുതായി ഏറ്റെടുത്ത പ്രോജക്ടുകളിൽ 2017 മാർച്ച് 31-ന് നിർവഹണം പൂർത്തിയാകാത്തവ 2017-18-ൽ സ്പിൽ ഓവർ ആയി തുടരുകയാണെങ്കിൽ അത്തരം പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് വേണ്ട ബാക്കി തുക 2017-18-ൽ പ്രത്യേകം അനുവദിക്കുന്നതാണെന്നു സൂചനയിലെ ഉത്തരവുകൾ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ 2015-16--ൽ പുതുതായി ഏറ്റെടുത്തതും ആ വർഷം നിർവഹണം പൂർത്തിയാകാത്തതിനാൽ 2016-17-ൽ ഭേദഗതി ഇല്ലാത്ത സ്പിൽ ഓവറായി ഉൾപ്പെടുത്തി 2017 മാർച്ച് 31-ന് ഭൗതികമായി നിർവഹണം പൂർത്തിയായെങ്കിലും പെയ്മെന്റ് നൽകാൻ ബാക്കിയുള്ളതുമായ പ്രോജക്ടുകളുടെ പെയ്മെന്റ് നൽകുന്നതിന് വേണ്ട തുക 2017-18-ൽ പ്രത്യേകം അനുവദിക്കുന്ന താണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16--ൽ പുതുതായി ഏറ്റെടുത്തതും ആ വർഷം നിർവ്വഹണം പൂർത്തിയാകാത്തതിനാൽ 2016-17-ൽ ഭേദഗതി ഇല്ലാത്ത സ്പിൽഓവറായി ഉൾപ്പെടുത്തിയെങ്കിലും 2017 മാർച്ച് 31-ന് ഭൗതികമായി നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ തുടരുന്നത് സംബന്ധിച്ച ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിശദീകരണം ആവശ്യപ്പെടുന്നതിനാൽ ഇത് സംബന്ധിച്ച സർക്കാർ ചുവടെ പ്രതിപാദിക്കുന്ന സ്പഷ് ടീകരണം നൽകുന്നു.

2015-16 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ പുതുതായി ഏറ്റെടുത്തതും ആ വർഷം നിർവഹണം പൂർത്തിയാകാത്തതിനാൽ 2016-17-ൽ ഭേദഗതി ഇല്ലാത്ത സ്പിൽ ഓവറായി ഉൾപ്പെടുത്തിയെങ്കിലും 2017 മാർച്ച് 31-ന് ഭൗതികമായി നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ 2017-18-ൽ സ്പിൽഓവറായി തുടരാവുന്നതാണ്. എന്നാൽ അവ പൂർത്തീകരിക്കുന്നതിന് വേണ്ട വിഹിതം സർക്കാർ പ്രത്യേകം നൽകുന്നതല്ല. അത്തരം പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുവേണ്ട തുക 2017-18-ലെ ബജറ്റ് വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

എ.കെ.മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
~~എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം~~
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:**- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**